പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 352 30.11.2015-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ ബാധ്യതകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജു പോൾ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി ശമ്പളം, പെൻഷൻ തുടങ്ങിയ ഇനത്തിൽ 2015 നവംബർ 30 ന് കൊടുക്കേണ്ടതായ തുക എത്ര; നിലവിൽ ഈ ഇനത്തിൽ നല്കാനുള്ള തുക എത്ര; | (എ) | കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് നവംബർ 30-ാം തീയതി ശമ്പളം വിതരണം ചെയ്യുന്നതിനായി 50.14 കോടി രൂപ ആവശ്യമാണ്.<br>2015 നവംബർ മാസത്തെ പെൻഷൻ 19.11.2015-ന് വിതരണം ചെയ്ത് കഴിഞ്ഞു. പെൻഷൻ ഇനത്തിൽ വിതരണം ചെയ്ത തുക 45.29 കോടി രൂപയാണ്. |
| (ബി) | ഡീസൽ, ആട്ടോമൊബൈൽ സ്പെയർ പാർട്ടുകൾ തുടങ്ങി ഏതെല്ലാം ഇനത്തിൽ എന്തു തുക വീതം ബാധ്യതയായുണ്ട്; | (ബി) | ആട്ടോമൊബൈൽ സ്പെയർ പാർട്ടുകൾ വാങ്ങിയ ഇനത്തിൽ 25.11.2015 വരെ ലഭിച്ച GR-ന്റെ അടിസ്ഥാനത്തിലും Advance payment ഇനത്തിലുമായി 9,33,14,228/- രൂപയുടെ ബില്ലുകൾ ഇനിയും തയ്യാറാക്കേണ്ടതായുണ്ട്.<br>ബില്ലുകൾ തയ്യാറാക്കി കൊടുത്തതിൽ ഇനിയും payment നൽകാത്ത 2,05,72,812/- രൂപയുടെ ബില്ലുകളുണ്ട്.<br>ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ 15 ദിവസത്തെ ക്രെഡിറ്റ് നൽകിയിട്ടുണ്ട്. ടി ഇനത്തിൽ 28,09,03,233/- രൂപ നൽകുവാനുണ്ട്. |
| (സി) | സർക്കാർ പ്രഖ്യാപിച്ച സഹായങ്ങൾ എല്ലാം കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ഇനി | (സി) | 2015-16 വർഷത്തെ ബഡ്ജറ്റിൽ സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് നോൺ പ്ലാൻ വിഹിതമായി 180 കോടി രൂപയും പ്ലാൻ |

<table>
<tr><td></td><td>അവശേഷിക്കുന്നത് എത്ര;</td><td></td><td>വിഹിതമായി 39.55 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. നോൺ പ്ലാൻ ഇനത്തിൽ ഇതിനോടകംതന്നെ സർക്കാർ 134.40 കോടി രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. നോൺ പ്ലാൻ വിഹിതമായി 45.60 കോടി രൂപ കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭ്യമാക്കാനുണ്ട്. പദ്ധതി വിഹിതമായി 19.55 കോടി രൂപ കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന തുകയായ 20 കോടി രൂപ കൂടി പദ്ധതി വിഹിത ഇനത്തിൽ ലഭ്യമാകാനുണ്ട്.</td></tr>
<tr><td>(ഡി)</td><td>ഈ സർക്കാരിന്റെ കാലത്ത് പുതുതായി വാങ്ങിയ ബസ്സുകൾ എത്രയാണ്; ശേഷിക്കുന്ന കാലയളവിൽ പുതുതായി വാങ്ങുന്നതിന് അനുമതി നല്കിയ ബസ്സുകൾ എത്രയാണ്;</td><td>(ഡി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2320 ബസ്സ് ഷാസ്സികൾക്ക് വിതരണ ഉത്തരവ് നൽകിയതിൽ 1746 ബസ്സ് ഷാസ്സികൾ ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ ജൻറം പദ്ധതിയുടെ ഭാഗമായി വിതരണ ഉത്തരവ് നൽകിയ 400 ബസ്സുകളിൽ 283 ബസ്സുകൾ ലഭിച്ചിട്ടുണ്ട്. കൂടാതെ 10 മൾട്ടി ആക്സിൽ വോൾവോ ബസ്സുകളും വാങ്ങിയിട്ടുണ്ട്.<br><br>പുതിയ ഷാസ്സികൾ ലഭിച്ചതിന്റെ കണക്കുകൾ താഴെ കാണിക്കുന്നു.<br>
<table>
<tr><th>വർഷം</th><th>എണ്ണം</th></tr>
<tr><td>2011</td><td>625</td></tr>
<tr><td>2012</td><td>325</td></tr>
<tr><td>2013</td><td>50</td></tr>
<tr><td>2014</td><td>114</td></tr>
<tr><td>2015 (നവംബർ വരെ)</td><td>632</td></tr>
</table>
</td></tr>
<tr><td>(ഇ)</td><td>നിലവിൽ ഗതാഗതയോഗ്യമായ ബസ്സുകൾ എത്ര; അല്ലാത്തവ എത്ര; വിശദമാക്കാമോ?</td><td>(ഇ)</td><td>23.11.2015-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് 5,566 ബസ്സുകളുണ്ട്. ഇതിൽ 728 ബസ്സുകൾ വിവിധ അറ്റകുറ്റപണികൾക്കായി പിടിച്ചിരിക്കുകയാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ